# മുണ്ടക്കര എ.യു പി സ്ക്കൂൾ, കിനാലൂർ

ബാലുശ്ശേരി സബ്ജില്ല

---

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | : മുണ്ടക്കര എ.യുപി സ്കൂൾ |
| വിലാസം | : കിനാലൂർ പി.ഒ ബാലുശ്ശേരി 673612 കോഴിക്കോട് |
| | 9961777577, 9446694472 |
| സ്കൂൾ കോഡ് | : 47555 |
| ഉപജില്ല | : ബാലുശ്ശേരി |
| വിദ്യാഭ്യാസ ജില്ല | : താമരശ്ശേരി |
| റവന്യുജില്ല | : കോഴിക്കോട് |
| ബി.ആർ.സി | : ബാലുശ്ശേരി |
| ഗ്രാമപഞ്ചായത്ത് | : പനങ്ങാട് |
| നിയമസഭാമണ്ഡലം | : ബാലുശ്ശേരി |
| ക്ലാസ് | : 1-7 |

# മുണ്ടക്കര എ.യു.പി സ്കൂൾ
# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

**<u>ആമുഖം</u>**

- വിദ്യാലയം മികവിന്റെ കേന്ദ്രം
- സമ്പൂർണ്ണ ഗുണമേന്മാ വിദ്യാഭ്യാസം
- കുട്ടികളുടെ സർവതോന്മുഖ വികാസത്തിന് പര്യാപ്തമായ പഠനാന്തരീക്ഷം
- സാമൂഹ്യപങ്കാളിത്തത്തോടെ പൊതുവിദ്യാലയ പ്രവർത്തനങ്ങൾ സജീവമാക്കൽ
- ഹ്രസ്വ-മധ്യ-ദീർഘകാലപദ്ധതികൾ
- വിദ്യാലയം ആസൂത്രണം ചെയ്ത വിവിധ പരിപാടികൾ
- കുട്ടിയിൽ തുല്യത സഹവർത്തിത്വം, ലിംഗ സമത്വം, അനുതാപം തുടങ്ങിയ മൂല്യങ്ങൾ ഉറപ്പിക്കുക.
- സ്കൂൾ ഒരു പാഠപുസ്തകം
- സർഗാത്മക കഴിവുകൾ വികസിപ്പിക്കാൻ അവസരം

## ഉള്ളടക്കം

1. ആമുഖം

2. ലക്ഷ്യം

3. വിദ്യാലയ ചരിത്രം

4. വിദ്യാലയ കാഴ്ചപ്പാട്

5. പദ്ധതി രൂപീകരണം വിവിധ ഘട്ടം

6. നിലവിലെ അവസ്ഥ

7. വിദ്യാലയം ആസൂത്രണ പ്രവർത്തനങ്ങൾ

8. പദ്ധതി വിശദാംശം

9. നേട്ടങ്ങൾ

10. മോണിറ്ററിംഗ്

11. ഉപസംഹാരം

12. അനുബന്ധം

## ലക്ഷ്യങ്ങൾ

- ഗ്രാമീണ അന്തരീക്ഷത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും സൗജന്യമായി അക്ഷരവെളിച്ചം പകരുക
- വിദ്യാലയത്തിന്റെ മികച്ച ഭൗതിക സൗകര്യങ്ങളുടെ പിന്തുണയോടെ അക്കാദമിക നിലവാരം ഉയർത്തുക.
- ക്ലാസ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതി വിഭാവനം ചെയ്യുന്ന സമ്പൂർണ്ണ ഗുണമേന്മാ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് ആവശ്യമായ നടപടികൾ ഒരുക്കുക
- മികച്ച ലൈബ്രറി , സയൻസ് ലാബ്
- 5,6,7 ക്ലാസുകളിൽ റോബോട്ടിക് ക്ലാസുകൾ
- കായികശേഷിവികാസത്തിനാവശ്യമായ പരിശീലനങ്ങൾ
- ആർട്ട് ഗാലറി- വിദ്യാർത്ഥികളുടെ കലാഭിരുചി കണ്ടെത്തി സൗജന്യമായി പ്രത്യേകപരിശീലനം നല്കുക
- വിദ്യാലയത്തിലേക്കാവശ്യമായ വൈദ്യുതി 15 KW സോളാർ പവർ പ്രൊജക്ട് വഴി ഉൽപാദിപ്പിക്കുക
- വിദ്യാലയ അധ്യായനവും സർഗാത്മക പ്രവർത്തനങ്ങളും സാമൂഹ്യ പങ്കാളിത്തത്തോടെ മികവുറ്റതാക്കുക.
- വിദ്യാലയത്തെ അന്താരാഷ്ട്ര നിലവാരത്തിലെത്തിക്കുക
- സന്ദർശക വിദ്യാലയം

## വിദ്യാലയ ചരിത്രം

അജ്ഞതയുടെ അന്ധകാരത്തിൽ നിന്നും വിജ്ഞാനത്തിന്റെ പ്രകാശത്തിലേക്ക് അക്ഷര വിളക്ക് തെളിയിച്ച് മുന്നിൽ നടന്ന പി.എസ് സുബ്ബരാമയ്യർ 1943 ൽ ഈ സരസ്വതി ക്ഷേത്ര ശ്രീലകം തുറന്നു. കാട്ടുമഠം പറമ്പിൽ എഴുത്തുപള്ളിക്കൂടമായി ആരംഭിച്ച ഏകാധ്യാപക വിദ്യാലയത്തിൽ ആദ്യവർഷം ഒന്നും രണ്ടും ക്ലാസുകളിൽ കുട്ടികൾക്ക് പ്രവേശനം നൽകി. സ്ഥാപിത നാളിൽ ഗേൾസ്എലമെന്ററി സ്കൂൾ, മുണ്ടക്കര എന്ന നാമത്തിൽ അറിയപ്പെട്ടു. കാട്ടുമഠം ശിവരാമൻ നായരുടെ മകൾ മീനാക്ഷിയായിരുന്നു ആദ്യപഠിതാവ്. ആ വർഷം 38 ആൺകുട്ടികൾക്കും 58 പെൺകുട്ടികൾക്കും പ്രവേശനം നൽകി. 83 വർഷം പിന്നിടുന്ന ഈ സന്ദർഭത്തിൽ 6338 കുട്ടികൾ അക്ഷര മധുരം നുകർന്നു.

സ്ഥാപക മാനേജരായ പി.എസ് സുബ്ബരാമയ്യർ തന്നെയായിരുന്നു ആദ്യ അധ്യാപകനും. സാമൂഹ്യ വ്യവസ്ഥിതി എതിരു നിൽക്കുമ്പോഴും അറിവിന്റെ ശക്തി തിരിച്ചറിഞ്ഞ് തന്റെ സമൂഹത്തെ വിജ്ഞാനത്തിന്റെ വിഹായത്തിലേക്ക് എടുത്ത് ഉയർത്താൻ ത്യാഗസന്നദ്ധത കാണിച്ച മാതുക്കുട്ടി ടീച്ചർ വിദ്യാലയത്തിലെ ആദ്യ അധ്യാപികയായി. 1948 ഫെബ്രുവരി 17 ന് സ്ഥാപക മാനേജർ ദിവംഗതനായതിനെത്തുടർന്ന് മകൻ പി.എസ് വിശ്വനാഥയ്യർ നേതൃത്വം ഏറ്റെടുത്തു.

സ്വാതന്ത്ര്യാനന്തരം 1958 ൽ അപ്പർ പ്രൈമറി വിദ്യാലയമായി ഉയർത്തി.പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ മാതൃകാപരമായ സംഭാവനകൾ നൽകിയ മുൻ പ്രധാന അധ്യാപകൻ മഹാദേവൻ മാസ്റ്ററുടെ 30 വർഷത്തെ സർവീസ് കാലഘട്ടങ്ങളിൽ വിദ്യാലയം പ്രതിസന്ധികൾ തരണം ചെയ്ത് വലിയ പുരോഗതി കൈവരിച്ചു. 1970 ജൂൺ 17 ന് ചേർന്ന പ്രഥമ പി.ടി.എ യോഗത്തിന്റെ അധ്യക്ഷനായ എം.വി ചന്തു മാസ്റ്ററുടെ കാലഘട്ടം മുതൽ ഇന്നു വരെയുള്ള വിദ്യാലയ പ്രവർത്തനങ്ങളിൽ രക്ഷാകർതൃ സമിതികൾ സജീവമായി ഇടപെട്ടു കൊണ്ടിരിക്കുന്നു. 1974 വിദ്യാലയ വാർഷികം പെട്രോമാക്സ് വെളിച്ചത്തിൽ നടത്തിയതും സ്കൂൾ ഒഴിവു സമയങ്ങളിൽ ചരിത്രവും പുരാണവും ഇതിഹാസവും കുട്ടികൾക്ക് പകർന്നു

കൊടുത്തുകൊണ്ട് സാംസ്കാരിക പ്രവർത്തനങ്ങളിൽ വിദ്യാലയം പങ്കാളിയായതും ഗതകാലത്തിന്റെ നിറമുള്ള ഓർമ്മകളാണ്. വിദ്യാലയത്തിന്റെ 50 ആം വാർഷിക സ്മാരകമായി കുടിവെള്ള പദ്ധതി ആരംഭിച്ചതും, സ്വാതന്ത്ര്യത്തിന്റെ സുവർണ്ണ ജൂബിലിയിൽ ഒരു വർഷം നീണ്ടുനിന്ന വിദ്യാലയ പരിപാടികളുടെ ഭാഗമായി നിർമ്മിച്ച "സ്വർഗ ഭൂമി സ്വതന്ത്രഭൂമി ഭൂമി" സംഗീത ശില്പം എടുത്തുപറയേണ്ട സാംസ്കാരിക പ്രവർത്തനമായിരുന്നു. 2014 ൽ *ഞങ്ങളൊന്നു പറയട്ടെ* - ലഹരി ബോധവൽക്കര പരിപാടിയും 2005 ൽ നടത്തിയ പ്ലാസ്റ്റിക് നിർമാർജന പരിപാടിയുടെ പ്രചരണാർത്ഥം സ്കൗട്ട് യൂണിറ്റ് നിർമിച്ച തുണിസഞ്ചികളും സാമൂഹിക ഇടപെടലുകളിലൂടെ വിജയകരമായിരുന്നു. ബലുശ്ശേരി കോട്ടവേട്ടയ്ക്കൊരുമകൻ ക്ഷേത്രോത്സവത്തോടനുബന്ധിച്ച് അവതരിപ്പിച്ച സ്നേഹാമൃതം സംഗീത ശില്പവും നാടിന്റെ കൂട്ടായ്മയുടെ മറ്റൊരു നിറച്ചാർത്തായിരുന്നു. ആകാശവാണി കോഴിക്കോട് പൂക്കുട പരിപാടിയിൽ പോയ മിക്ക വർഷങ്ങളിലും വിദ്യാലയത്തിന്റെ സാന്നിധ്യം ഉണ്ടായിരുന്നു.

1996 ആഗസ്റ്റ് 9 ന് മാനേജർ ആയിരുന്ന പി എസ് വിശ്വനാഥയ്യരുടെ മരണത്തെ തുടർന്ന് അദ്ദേഹത്തിൻറെ പത്നി കെ.പി സുബ്ബലക്ഷ്മി അമ്മാൾ സ്കൂൾ ഭരണം ഏറ്റെടുത്തു.

ഒരു വർഷം നീണ്ടു നിന്ന സ്കൂളിന്റെ 80 ആം വാർഷിക ആഘോഷ പരിപാടികളുടെ ഉദ്ഘാടനം കോഴിക്കോട് സിറ്റി പോലീസ് ഡെപ്യൂട്ടി കമ്മീഷണർ എസ്. ശ്രീനിവാസ് നിർവഹിച്ചു. സ്വാതന്ത്ര്യത്തിന്റെ 75 ആം വാർഷികം 122 ഇൻഫൻട്രി ബറ്റാലിയൻ (ടി.എ മദ്രാസ്) ലഫ്റ്റനന്റ് കേണൽ എസ്.വിശ്വനാഥൻ ഉദ്ഘാടനം ചെയ്തത് വർണ്ണാഭമായിരുന്നു.

വിദ്യാലയത്തിന്റെ 80 ആം വാർഷികം ആഘോഷിച്ച 2022-23 അധ്യാന വർഷത്തിൽ ലഹരിക്കെതിരെയുള്ള ബോധവൽക്കരണ പരിപാടിയുടെ രണ്ടാം ഘട്ടത്തിൽ കോഴിക്കോട് ജില്ലാ എക്സൈസ് ഓഫീസിന്റെ സഹകരണത്തോടെ വിദ്യാലയം ആസൂത്രണം ചെയ്ത *ഉണർന്നിരിക്കുക ഉയർന്നിരിക്കുക എന്ന സംഗീത നാടക ശില്പം* സംസ്ഥാന സ്കൂൾ കലോത്സവ വേദിയിൽ അവതരിപ്പിക്കാൻ കഴിഞ്ഞു എന്നതും സാമൂഹ്യനന്മയുടെ അടയാളമായി. കലോത്സവ നഗരിയിലെ സാംസ്കാരിക വേദിയിൽ നാടകം അവതരിപ്പിച്ച വിദ്യാർത്ഥികൾക്ക് പൊതുവിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറി മുഹമ്മദ് അനീഷ് സമ്മാനദാനം നടത്തി. മുൻ ഡിജിപി ഋഷിരാജ് സിംഗ് ഈ പ്രവർത്തനങ്ങളുടെ ആശംസകളുമായി മുണ്ടക്കരയിലെത്തി എന്നതും അഭിമാനകരം തന്നെ. സംസ്ഥാനത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിൽ ലഹരി വിരുദ്ധ സന്ദേശ പ്രചാരണ പരിപാടി വിദ്യാർഥികൾ അവതരിപ്പിച്ചു.

കോഴിക്കോട് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ എബ്രഹാം പേരാമ്പ്ര അസിസ്റ്റൻറ് സൂപ്രണ്ട് ഓഫ് പോലീസ് വിഷ്ണുപ്രദീപ് ഐപിഎസ് എന്നിവർ ഈ പരിപാടിയുമായി സഹകരിച്ചിരുന്നു.

ലഹരി വിരുദ്ധ പ്രവർത്തനങ്ങളുടെ മികവിനുള്ള അംഗീകാരമായി മലയാള മനോരമ ദിനപത്രം ഏർപ്പെടുത്തിയ പുരസ്കാരത്തിന് വിദ്യാലയം അർഹമായത് വലിയ അംഗീകാരമായി കാണുന്നു. എറണാകുളം കലൂർ മൈതാനത്ത് വച്ച് നടന്ന പുരസ്കാര ദാനചടങ്ങിൽ കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനിൽ നിന്നും 50000 രൂപയുടെ കാഷ് അവാർഡ് സ്വീകരിക്കാൻ ഞങ്ങളുടെ വിദ്യാർത്ഥികൾക്ക് കഴിഞ്ഞു.ചടങ്ങിൽ പ്രശസ്ത സിനിമ താരം മമ്മൂട്ടിയുടെ സാന്നിധ്യം ആഹ്ലാദകരമായിരുന്നു.

കലാകായിക ശാസ്ത്ര വിജയങ്ങൾ തുടർച്ചയായി നേടാൻ കഴിഞ്ഞത് വിദ്യാലയത്തിന്റെ പാഠ്യേതരപ്രവർത്തനങ്ങളുടെ മികവ് തെളിയിക്കുന്നതായിരുന്നു. ബാലുശ്ശേരി ഉപജില്ല,ജില്ലാ മേളകളിൽ കിരീടം സ്വന്തമാക്കാൻ ഞങ്ങളെ എന്നും സഹായിച്ചത് രക്ഷിതാക്കളും പൂർവ്വ വിദ്യാർത്ഥികളും നാട്ടുകാരുമാണ്.

സന്നദ്ധ സംഘടനകളായ ഭാരത് സ്കൗട്ട് ആൻഡ് ഗൈഡ്സ്, ജൂനിയർ റെഡ്ക്രോസ്, ബുൾബുൾ എന്നീ യൂണിറ്റുകൾ വിദ്യാലയത്തിൽ പ്രവർത്തിച്ചുവരുന്നു. വിദ്യാരംഗം കലാസാഹിത്യവേദിയും മറ്റ് ഭാഷാ, ശാസ്ത്ര ക്ലബ്ബുകളും സജീവമായി കുട്ടികൾക്കിടയിൽ ഉണ്ട്.

## അക്കാദമികം

സംസ്ഥാന വിദ്യാഭ്യാസ വകുപ്പിന്റെ പാഠപുസ്തകങ്ങളെ അടിസ്ഥാനമാക്കി വിദ്യാർത്ഥികൾക്ക് സാധ്യമായ ഏറ്റവും ഉയർന്ന പഠനപ്രതീക്ഷകളും പ്രചോദനവും നല്കുന്ന തരത്തിലുള്ള പഠനരീതിയാണ് വിദ്യാലയം സ്വീകരിച്ചിട്ടുള്ളത്.ഇംഗ്ലീഷ് ,മലയാളം ഡിവിഷനുകളിലായി അധ്യയനം നടക്കുന്നു.

വിദ്യാർത്ഥികളുടെ പഠനപുരോഗതി അറിയുന്നതിനായി നിരന്തര വിലയിരുത്തലും, യൂണിറ്റ് വിലയിരുത്തലും , ടേം മൂല്യനിർണയവും ചെയ്തുവരുന്നു. പഠനപുരോഗതിയുടേയും നേട്ടങ്ങളുടേയും തെളിവായി പോർട്ഫോളിയോകൾ സൂക്ഷിക്കുന്നു. NAS പരീക്ഷകൾക്ക് പ്രത്യേകപരിശീലനം നല്കാൻ കഴിഞ്ഞു. പ്രതിഭാ ക്ലാസുകളും മറ്റൊരു മികാവാണ്.പഠനരംഗത്ത് മികവ് പുലർത്തുന്ന വിദ്യാർത്ഥികൾക്കായി വിവിധ തരത്തിലുള്ള എൻഡോവ്മെന്റുകൾ നൽകിവരുന്നു. എൽ.എസ്.എസ്., യു.എസ്.എസ് ,സംസ്കൃതം ,അറബിക് , സയൻസ് ഇൻസ്പെയർ അവാർഡുകൾ എന്നിവ കരസ്ഥമാക്കാൻ ഓരോ വർഷവും

വിദ്യാർത്ഥികൾക്ക് കഴിഞ്ഞിട്ടുണ്ട്. 2024-25 വർഷത്തിൽ 9 എൽഎസ്എസും 12 യുഎസ്എസും നേടി ചരിത്ര വിജയം ആഘോഷിച്ചു. സംസ്കൃതം സ്കോളർഷിപ്പ് 6 പേരും ഉറുദു സ്കോളർഷിപ്പ് 4 പേരും നേടി.

**അക്കാദമിക് പ്രോഗ്രാം സവിശേഷതകൾ**

**ഭൗതിക സൗകര്യങ്ങൾ**

- ഡിജിറ്റൽ ഐടി ലാബ്
- ആധുനികവും ഫലപ്രദവുമായ സയൻസ് ലാബ്
- ഡിജിറ്റൽ ലൈബ്രറി
- സ്മാർട്ട് ക്ലാസ് റൂം
- ആർട്ട്ഗാലറി
- കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ക്ലാസുകൾ
- റോബോട്ടിക് ക്ലാസുകൾ
- റെക്കോർഡിംഗ് സ്റ്റുഡിയോ ആന്റ് FM സ്റ്റേഷൻ
- പഠനപിന്തുണാ ക്ലാസുകൾ
- പ്രതിഭാപോഷണ പരിപാടികൾ
- ഇ.ക്യൂബ് ഹിന്ദി
- ഡിജിറ്റൽ മാഗസിൻ

## ലൈബ്രറി & റീഡിംഗ് റൂം

സ്കൂളിന്റെ പ്രാഥമിക നേട്ടങ്ങളിലൊന്ന് അക്കാദമിക് നേട്ടമാണ്. പുസ്തകങ്ങളിലൂടെയും മറ്റ് സങ്കേതങ്ങളിലൂടെയും വിദ്യാർത്ഥികൾക്ക്പുതിയ ലോകങ്ങൾ പര്യവേക്ഷണം ചെയ്യുന്നതിന് സഹായകരമായ ഒരു ഡിജിറ്റൽ ലൈബ്രറി വിദ്യാലയത്തിൽ പ്രവർത്തിക്കുന്നു. 9000 പുസ്തകശേഖരവുമായി വിപുലീകരിച്ച ലൈബ്രറിയിൽ കഥ,കവിത,നോവൽ യാത്ര, ചരിത്രം, ആരോഗ്യം,കായികം,ചലച്ചിത്രം, നാടകം, കൃഷി, ശാസ്ത്രം, ബാലസാഹിത്യം, ഗണിതം, വിവർത്തനം, പഠനം, ലേഖനം, പരിഭാഷകൾ, റഫറൻസ്എന്നീ വിഭാഗങ്ങളിലായി ഇംഗ്ലീഷ്,മലയാളം,ഹിന്ദി പുസ്തകങ്ങളുണ്ട്. ഇ.ബുക്ക് റീഡർ, വെർച്ചൽ റിയാലിറ്റിഹെഡ്സെറ്റ്, ഇൻട്രാക്റ്റീവ് പാനൽ എന്നിവയും ലൈബ്രറിയുടെ പ്രത്യേകതയാണ്. ഒപ്പം ലോക, ഇന്ത്യൻ, കേരളസാഹിത്യകാരൻമാരുടെ ഫോട്ടോഗാലറിയും ഒരുക്കിയിട്ടുണ്ട്. മാസികകൾ, പത്രങ്ങൾ എന്നിവ വായിക്കുന്നതിനും സൗകര്യമുണ്ട്.

## സയൻസ് ലാബ്

പരീക്ഷണങ്ങളിലൂടെയും നിരീക്ഷണങ്ങളിലൂടെയും അറിവുകൾ കുട്ടികളിൽ എത്തുമ്പോഴാണ് അവ പൂർണ്ണതയിൽ എത്തുന്നത്. സ്കൂളിലെ സയൻസ് ലാബ് ഫലപ്രദമായി ഉപയോഗിക്കുകവഴി കുട്ടികൾ നേരിട്ട് കണ്ടും അനുഭവിച്ചും ശാസ്ത്ര സത്യങ്ങൾ അനാവരണം ചെയ്യുന്നതിൽ ഉത്സുകരായി മാറുന്നു. 2024-25 അധ്യയന വർഷം നവീകരിച്ച സയൻസ് ലാബിൽ വച്ചാണ് ശാസ്ത്ര പഠനം നടക്കുന്നത്. പരീക്ഷണത്തിനാവശ്യമായ രാസ വസ്തുക്കൾ, മോഡലുകൾ, സ്പെസിമെനുകൾ, മൈക്രോസ്കോപ്പുകൾ, ലെൻസുകൾ, റഫറൻസ് ഗ്രന്ഥങ്ങൾ, പരീക്ഷണ ഉപകരണങ്ങൾ എന്നിവ യഥാക്രമം അലമാരകളിൽ ക്രമീകരിച്ചിരിക്കുന്നു. ടെലസ്കോപ്പ്, ബൈനോക്കുലർ, എന്നിവ ശാസ്ത്ര പഠനത്തിനായി കുട്ടികൾ ഉപയോഗിക്കുന്നു.

## റോബോട്ടിക് ക്ലാസുകൾ

AI സാങ്കേതിക പരിചയപ്പെടുത്തുന്നതിനും പരിശീലനം നൽകുന്നതിനും 5,6,7 ക്ലാസുകളിൽ റോബോട്ടിക് ക്ലാസുകൾ നൽകുന്നു. റോബോട്ടിക് പ്രൊജക്ടറുകൾക്ക് ആവശ്യമായ സംവിധാനങ്ങൾ സ്കൂളിന് സ്വന്തമായുണ്ട്.

## ഡിജിറ്റൽ ഐടി ലാബ്

വിവര സാങ്കേതിക വിദ്യ നമ്മുടെ ദൈനംദിന ജീവിതത്തിന്റെ അവിഭാജ്യ ഘടകമായി മാറിയിരിക്കുന്ന സാഹചര്യത്തിൽ മികച്ച കമ്പ്യൂട്ടർ ലാബുകൾ ഒരുക്കിയാണ്

ഒന്നു മുതൽ ഏഴുവരെ ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ വിദ്യാഭ്യാസം നൽകുന്നത്. ഞങ്ങളുടെ ലാബിൽ അത്യാധുനിക സംവിധാനങ്ങളും ഇൻ്റർനെറ്റ് സൗകര്യവും കൊണ്ട് സജ്ജീകരിച്ചിരിക്കുന്നു. ഒരു കുട്ടിക്ക് ഒരു കമ്പ്യൂട്ടർ എന്ന നയമാണ് സ്കൂളിനുള്ളത്, അതിനായി കമ്പ്യൂട്ടർ ലാബിൽ ഒരു ക്ലാസ് മുറിയിലെ മുഴുവൻ പേർക്കും ഒരേ സമയം ഉപയോഗിക്കാൻ വേണ്ടത്ര സജ്ജീകരിച്ചിരിക്കുന്നു. 36 കമ്പ്യൂട്ടർ, പ്രിൻറർ കോപ്പിയര്, ത്രീ ഡി പ്രിൻറർ, ഇൻട്രക്റ്റീവ് പാനൽ എന്നിവ ഉൾപ്പെടുന്നതാണ് സ്കൂൾ ഐടി ലാബ്.

## റെക്കോർഡിംഗ് സ്റ്റുഡിയോ ആന്റ് FM സ്റ്റേഷൻ

വിദ്യാർത്ഥികൾക്ക് മികച്ച വിദ്യാഭ്യാസം നൽകുന്നതിന് പ്രൊഫഷണൽ ഉപകരണങ്ങളും സൗകര്യങ്ങളുമുള്ള റെക്കോർഡിംഗ് സ്റ്റുഡിയോ ആന്റ് FM സ്റ്റേഷൻ സ്കൂളിൽ പ്രവർത്തിക്കുന്നു. മൈക്രോഫോണുകൾ, ആംപ്ലിഫയർ,, കമ്പ്യൂട്ടർ ഉൾ പ്പെടെ ഏറ്റവും പുതിയ ഉപകരണങ്ങൾ സജ്ജികരിച്ചിട്ടുണ്ട്. റെക്കോർഡിംഗിലേക്കും പ്രൊഡക്ഷൻ സാങ്കേതികതയും പരിചയപ്പെടാൻ സഹായകരമാകുന്നു, സർഗാത്മകത പ്രോത്സാഹിപ്പിക്കുന്നതിന് അവസരം ലഭിക്കുന്നു.

വെള്ളിയാഴ്ചകള 45 മിനറ്റ്സ്കൂൾ റേഡിയോ പ്രക്ഷേപണം നടത്തുന്നു. പാഠഭാഗത്തെ ആശയങ്ങൾ ഓഡിയോ, വീഡിയോയായിറെക്കോർഡ് ചെയ്ത് പഠനം രസകരമാക്കാൻ ഈ സംവിധാനം സഹായിക്കുന്നു..

## ഇ.ക്യൂബ് ഹിന്ദി ഭാഷാ ലാബ്

5 മുതൽ 7 വരെ ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് സംവേദനാത്മക ഹിന്ദി പഠനത്തിന് ഇ.ക്യൂബ് ഹിന്ദി പരിശീലന ക്ലാസുകൾ നൽകുന്നു. കളികൾ,കഥകൾ കേൾക്കാനും സംസാരിക്കാനും വായിക്കാനും അവസരം നൽകുക വഴി ഭാഷാപരമായ കഴിവുകൾ വികസിപ്പിക്കാം. ഓരോ വിദ്യാർത്ഥിയുടേയും പഠനപുരോഗതി നിരീക്ഷിക്കാൻ അവസരം ലഭിക്കുന്നു.

## സ്മാർട്ട് ക്ലാസ് റൂം

സ്കൂളിലെ മുഴുവൻ ക്ലാസ് റൂമുകളിലും സ്മാർട്ട് ടിവി സജ്ജീകരിച്ചിട്ടുണ്ട്.ഓഡിയോ , വീഡിയോ ക്ലാസുകളിലൂടെ പഠനം എളുപ്പമാകുന്നു.

## ആർട്ട് ഗാലറി

കലകളുടെ പ്രദർശനം, പരിശീലനം എന്നീ ആവശ്യങ്ങൾക്കുവേണ്ടി കലയുടെ ഗാലറി സ്കൂളിൽ ഒരുക്കിയിട്ടുണ്ട്. ഡ്രോയിംഗ്, ഡാൻസ്, ഗിറ്റാർ, സംഗീതം, തബല, വയലിൻ, കീബോർഡ്, ക്ലാസുകൾ പ്രഗത്ഭരായ കലാകാരൻമാരുടെ നേതൃത്വത്തിൽ സൗജന്യമായി കുട്ടികൾക്ക് നൽകുന്നു. ഫുൾ സെറ്റ് ബാൻഡ്സെറ്റും കലാകാരന്മാരുടെ ചിത്രങ്ങളും ആർട്ട് ഗാലറിയുടെ സവിശേഷതയാണ്. കലാവിദ്യാഭ്യാസ പഠന പ്രവർത്തനങ്ങൾക്കുള്ള പരിശീലനമായിട്ടാണ്
ആർട്ട് ഗാലറി ഉപയോഗിക്കുന്നത്.

വിദ്യാലയത്തിന്റെ പഠനം നിലവാരം അളക്കുന്ന എൽഎസ്എസ് യുഎസ്എസ്, സംസ്കൃതം, അറബിക് സ്കോളർഷിപ്പുകളിൽ കടന്നുപോയ വർഷങ്ങളിൽ മികച്ച കൈയ്യൊപ്പുചാർത്താൽ വിദ്യാർത്ഥികൾക്ക് കഴിഞ്ഞിട്ടുണ്ട് .
പനങ്ങാട് ഗ്രാമപഞ്ചായത്തിലെ ഏറ്റവും കൂടുതൽ സ്കോളർഷിപ്പ് നേടിയെടുക്കുന്ന വിദ്യാലയമായി മുണ്ടക്കര അംഗീകരിക്കപ്പെട്ടു. പഠനരംഗത്തെ മികവിന് പ്രോത്സാഹനമായി മുൻപ്രധാനാധ്യാപകൻ ടി.സതീശൻമാസ്റ്റർ സ്മാരക എൻറോൾമെൻറ്, പുളുക്കിപ്പറമ്പത്ത് കാർത്യായനി അമ്മ എന്റോവ്മെന്റ് , അമ്പിളി എന്റോവ്മെന്റ്, മുൻ അധ്യാപിക മാതുക്കുട്ടി ടീച്ചർ എന്റോവ്മെന്റ് എന്നിവ നൽകി വരുന്നു.

## ചിൽഡ്രൻസ് പാർക്ക്

അക്കാദമിക പ്രവർത്തനങ്ങൾക്കൊപ്പം വൈകാരികവും മാനസികവുമായ വളർച്ചയ്ക്ക് സഹായകരമായ ചിൽഡ്രൻസ് പാർക്ക് ഈ വർഷം സജ്ജീകരിച്ചു.

## കായിക പരിശീലനം

ഒഴിവുസമയം വിനോദപ്രദമാക്കുന്നതിന് ചിൽഡ്രൻസ് പാർക്ക്, കായികശേഷി വികാസത്തിനായി വോളിബോൾ, ഫുട്ബോൾ, ഫുട്ബോൾ, ബാഡ്മിൻറൺ, ക്രിക്കറ്റ് എന്നീ പരിശീലനങ്ങൾക്ക് ആവശ്യമായ കായിക ഉപകരണങ്ങളും വിദ്യാലയത്തിന് സ്വന്തമാണ്.. ആരോഗ്യസംരക്ഷണത്തിന് ആവശ്യമായ ഫസ്റ്റ് എയ്ഡ് സൗകര്യങ്ങളുള്ള മെഡിക്കൽ സംവിധാനം ഇന്ന് മുണ്ടക്കരയ്ക്ക് സ്വന്തമാണ്.

വായന പ്രോത്സാഹിപ്പിക്കുന്നതിന് പ്രദേശത്തെ വിവിധ വ്യക്തികൾ ,സ്ഥാപനങ്ങൾ എന്നിവർ പത്രങ്ങളും പ്രസിദ്ധീകരണങ്ങളും ലൈബ്രറിയിലേക്ക് നൽകിയിട്ടുണ്ട്. 1994 ൽ രക്ഷിതാക്കളുടെ സഹകരണത്തോടെ പ്രവർത്തിച്ചു തുടങ്ങിയ ഉച്ചഭാഷിണി, ഇന്ന് ആധുനിക രീതിയിലുള്ളതായി മാറി. ഹിന്ദി, ഇൻലന്റ് പത്രം,കലണ്ടർ എന്നിവ തയ്യാറാക്കിയതിലൂടെ മുൻ കേന്ദ്ര പ്രതിരോധവകുപ്പ് മന്ത്രി ഏ.കെ ആന്റണിയിൽ നിന്നും അഭിനന്ദന സന്ദേശം ലഭിച്ചിരുന്നു.

83 വർഷം പിന്നിടുന്ന വിദ്യാലയ മുറ്റത്തെ സാന്നിധ്യം കൊണ്ട് ധന്യമാക്കിയവർ നിരവധിയാണ്. സ്വാതന്ത്ര്യ സമര സേനാനി കെ.പി. കേശവമേനോൻ , മുൻമന്ത്രിമാരായ പി.പി ഉമ്മർ കോയ, കെ പി വിശ്വനാഥൻ, ഏ.സി.ഷണ്മുഖദാസ് ഇപ്പോഴത്തെ വനംവകുപ്പ് മന്ത്രിയായ ഏ.കെ ശശീന്ദ്രൻ പൊതുപ്രവർത്തകരായ എം കെ രാഘവൻ എംപി ,പുരുഷൻ കടലുണ്ടി എംഎൽഎ , പി.സച്ചിൻദേവ് എം.എൽ.എ സാഹിത്യകാരന്മാരായ യു.കെ കുമാരൻ, പി കെ പാറക്കടവ്, സുഭാഷ് ചന്ദ്രൻ, ആലംങ്കോട് ലീലാകൃഷ്ണൻ, എം.എൻകാരശ്ശേരി , കവി വിരാൻ കുട്ടി, പി.ആർ നാഥൻ, സാമൂഹ്യ പ്രവർത്തകരായ കെ.ജി മാരാർ, സിനിമാതാരങ്ങളായ ഇന്നസെൻറ് ,പി കെ ശ്രീരാമൻ, കോഴിക്കോട് നാരായണൻ നായർ, ബിന്ദു പണിക്കർ, ജഗദീഷ്, സലിംകുമാർ, ഗാന രചയിതാവ് കൈതപ്രം ദാമോദരൻ നമ്പൂതിരി, കൈതപ്രം വിശ്വനാഥൻ നമ്പൂതിരി, മാപ്പിളപ്പാട്ട് കലാകാരൻ വി എം കുട്ടി, ഫൈസൽഎളേറ്റിൽ, നാടക പ്രവർത്തകർ ജയപ്രകാശ് കൂളൂർ ,ഋഷിരാജ് സിംഗ് ഐപിഎസ്, ഡിജിപി ശ്രീജിത്ത് ഐപിഎസ്, തുടങ്ങിയ വലിയൊരു നിര തന്നെയുണ്ട്.

സമൂഹത്തിൻറെ വിവിധ മേഖലകളിൽ ഉന്നത സ്ഥാനങ്ങൾ അലങ്കരിക്കുന്ന വ്യക്തിത്വങ്ങളെ സംഭാവന ചെയ്യാൻ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ 19 അധ്യാപകരും ഒരു ഓഫീസ് അസിസ്റ്റൻറും 386 കുട്ടികളും വിദ്യാലയത്തിലുണ്ട്.

## വിദ്യാലയ കാഴ്ചപ്പാട്

- ഓരോ കുട്ടിക്കും സമ്പൂർണ്ണ ഗുണമേന്മാ  വിദ്യാഭ്യാസം ഉറപ്പാക്കുക
- പാഠ്യ പ്രവർത്തനങ്ങൾ എല്ലാ വിദ്യാർത്ഥികളും പങ്കെടുക്കുന്ന പഠനാന്തരീക്ഷം സൃഷ്ടിക്കുക
- കുട്ടികളുടെ മാനസികവും ബുദ്ധിപരവുമായ കഴിവുകൾ വികസിപ്പിക്കുന്നതിന് അവസരം
- ഭിന്നശേഷിക്കാരായ കുട്ടികൾക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും
- പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന്  അവസരം നല്കുക
- വിദ്യാലയം മികവിന്റെ കേന്ദ്രം
- സന്ദർശനക വിദ്യാലയം
- എല്ലാ വിഭാഗം ജനങ്ങളെയും വിദ്യാലയത്തിലേക്ക് ആകർഷിക്കുക

## നിലവിലെ അവസ്ഥ –വിശകലനം

**<u>ഭൗതികം നേട്ടങ്ങൾ</u>**

ഓരോ വിദ്യാലയത്തിനും അതിന്റെ ഫലപ്രദമായ പ്രവർത്തനങ്ങൾക്ക് ഭൗതിക സാഹചര്യങ്ങൾ വേണം. ആധുനിക സൗകര്യങ്ങളോടു കൂടിയ 15 സ്മാർട്ട് ക്ലാസ് മുറികളും ഓഫീസ് മുറിയും സ്റ്റാഫ് റൂമും പ്രവർത്തിക്കുന്നു. അടച്ചുറപ്പുള്ള കിച്ചൺകം സ്റ്റോർ ,.36 കമ്പ്യൂട്ടർ, ഇൻട്രാക്റ്റീവ് പാനൽ, ത്രീഡി പ്രിന്റർ, പ്രിന്റർ എന്നിവ സജ്ജീകരിച്ച ഐടി ലാബ്, വെർച്ചൽ റിയാലിറ്റി ഹെഡ്സെറ്റ്, ഇ.ബുക്ക് റീഡർ , ഇൻട്രാക്റ്റീവ് പാനൽ 9000 പുസ്തകങ്ങൾ എന്നിവ ഉൾപ്പെടുന്ന ഡിജിറ്റൽ ലൈബ്രറി, നവീകരിച്ച സയൻസ് ലാബ്, റെക്കോർഡിംഗ് സ്റ്റുഡിയോ ആന്റ് FM സ്റ്റേഷൻ, ആർട്ട് ഗാലറി, ചിൽഡ്രൻസ് പാർക്ക്, സ്റ്റേജ്, ഫസ്റ്റ് എയ്ഡ് സൗകര്യങ്ങളോടെ മെഡിക്കൽ സംവിധാനം, 15 KW സോളാർ പാനൽ, ജൈവവൈവിധ്യ ഉദ്യാനം, സിസി ടിവി സംവിധാനം, വൈഫൈ സംവിധാനം,, കേരളവികസന പദ്ധതി പ്രകാരം പനങ്ങാട് ഗ്രാമപഞ്ചായത്ത് 2004 ൽ അനുവദിച്ച പെൺകുട്ടികളുടെ ഗേൾസ് ഫ്രണ്ട് ലി ടോയ് ലറ്റ്,ഭിന്നശേഷി കുട്ടികളുടെ ശുചിമുറി ഉൾപ്പടെ14 യൂണിറ്റുകൾ, കുടിവെള്ള സംവിധാനം , വാട്ടർ പ്യൂരിഫയർ 2 യൂണിറ്റ് എന്നീ ഭൗതിക സൗകര്യങ്ങൾ വിദ്യാലയത്തിനുണ്ട്.

**<u>ഐടി ഉപകരണങ്ങൾ</u>**

**1.**കമ്പ്യൂട്ടർ   **36**

**2** യുപിഎസ്

**3.**പ്രിന്റർ   **2**

**4.**ത്രീഡി പ്രിന്റർ **1**

**5.**ഇൻട്രാക്ടീവ് പാനൽ   **2**

**6.**സ്മാർട്ട് ടിവി **10**

**7.**ഇ.ബുക്ക് റീഡർ **3**

**8.**വെർച്ച്വൽ റിയാലിറ്റി ഹെഡ്സെറ്റ്   **3**

**<u>ഉച്ചഭാഷിണി</u>**

ആംപ്ലിഫയർ **3**

സ്പീക്കർ വലുത് **4**

ചെറുത് **11**

മൈക്ക് **5**

മൈക്ക് സ്റ്റാന്റ് **1**

## അക്കാദമികം –നേട്ടങ്ങൾ

അക്കാദമിക്ക് നേട്ടങ്ങൾ കൈവരിക്കുന്നതിന് ഒരു വിദ്യാലയം കുട്ടികളുടെ സാമൂഹിക-സാംസ്കാരിക-സാമ്പത്തിക- ഗാർഹിക വിവരങ്ങൾ ശേഖരിക്കണം.പി.ടി.എ , ക്ലാസ് പി.ടി.എ-ഗൃഹസന്ദർശനം എന്നീ സാധ്യതതകൾ ഇതിനുണ്ട്. കുട്ടികളുടെ ഹാജർ ഉറപ്പുവരുത്തുന്നതിന്

ഞങ്ങൾ മുൻതൂക്കം നല്കുന്നു. ഫലപ്രദമായ എസ്.ആർ.ജി വിദ്യാലയ വളർച്ചയിൽ വലിയ പങ്കുവഹിക്കുന്നു. സ്കൂൾ അക്കാദമിക് കലണ്ടർ വർഷാരംഭത്തിൽ തന്നെ തയ്യാറാക്കി പ്രവർത്തനത്തിന് സമയക്രമം സൂക്ഷിക്കുന്നു. മലയാളത്തിളക്കം, ശ്രദ്ധ തനത് പഠന പിന്തുണാ ക്ലാസുകൾ ,ചുറ്റുവട്ടം രാത്രികാല അയൽപക്ക പി.ടി.എകൾ എന്നിവ മാതൃകാപരമായി നടത്താൻ കഴിഞ്ഞു. ന്യൂ മാത്സ്, ശാസ്ത്രോത്സവം ഉപജില്ലാ ക്വിസ് മത്സരങ്ങൾ എന്നിവിടങ്ങളിൽ സ്ഥാനം ഉറപ്പിക്കാൻ കുട്ടികൾക്ക് കഴിഞ്ഞു. നാഷണൽ അച്ചീവ്മെന്റ് ടെസ്റ്റിന്റെ സെന്ററായും വിദ്യാലയം തെരഞ്ഞെടുക്കപ്പെട്ടു .കൈയ്യെഴുത്ത് പത്രങ്ങൾ ,ഡിജിറ്റൽ മാഗസിൻ, പ്രത്യേക പതിപ്പുകൾ എന്നിവ കുട്ടികൾ തയാറാക്കി വരുന്നു.വിവിധ സ്കോളർഷിപ്പ് പരീക്ഷകളിൽ വിജയം സ്വന്തമാക്കാനും കഴിഞ്ഞിട്ടുണ്ട്.

## അധ്യാപകരുടെ ചുമതലകൾ

| ക്ലബ്ബ് | ചുമതല |
|---|---|
| എസ്.ആർ.ജി കൺവീനർ യു.പി | ഒ.കെ റഫീഖ് |
| എസ്.ആർ.ജി കൺവീനർ എൽ.പി ഭാരത് സ്കൗട്ട്സ് എൽ.എസ്.എസ്. | ആനന്ദ് പി.കെ |
| സ്ററാഫ് സെക്രട്ടറി , ഇംഗ്ലീഷ് അസോസിയേഷൻ | എം.ഷാജു |
| ജാഗ്രതാ സമിതി,ഗൈഡ്സ് | വി.കെ റീന, |
| വിദ്യാരംഗം കലാ സാഹിത്യ വേദി ,കലാമേള,ഐടി | പി.വി രാമകൃഷ്ണൻ |
| ലൈബ്രറി, സംസ്കൃത സഭ | ആത്മ ജ്യോതി സി.കെ |
| ജെ.ആർ.സി, എസ്.പി.ജി,സാമൂഹ്യ ശാസ്ത്രം | അബിൻരാജ് .ജി.ആർ |
| ഉച്ചഭക്ഷണം, യു.എസ്.എസ്, ഗണിത ക്ലബ് | പി..ജി. രാജീവ് കുമാർ |
| സയൻസ് ക്ലബ് | കെ.ആർ ജീഷ്ണ |
| സ്പോർസ് ക്ലബ്,  അറബിക് ക്ലബ് | അരുൺ രാജ്<br>കെ.കെ.ഷഹാബ്. അഹമ്മദ് |
| ഉറുദു ക്ലബ്, ഹരിതസേന | പി.വി. പാർവതി |
| ബുൽബുൾ ,ജൈവവൈവിധ്യ ക്ലബ് | എം.വി.നൈല |
| ബാലസഭ, സാഹിത്യസമാജം | റീഷാഭായ്, അൻുവിന്ദ് |
| ശുചിത്വം | ടി.വി. ശ്രീവിദ്യ |

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

- വായനാ പരിപോഷണം
- ഐ.സി.ടി അധിഷ്ഠിത പഠനം ഓരോ ക്ലാസ് മുറിയിലും ഉറപ്പാക്കുക.
- സർഗാത്മക പ്രവർത്തനങ്ങൾക്ക് പ്രാധാന്യവും പ്രോത്സാഹനവും
- പ്രതിഭാ പോഷണ പരിപാടികൾ
- പഠന പിന്തുണാ ക്ലാസുകൾ
- കായിക ക്ഷമത ഉറപ്പിക്കൽ - കായിക പരിശീലനത്തിന് അധ്യാപകരെയോ മറ്റു പരിശീലകരെയോ കണ്ടെത്തൽ.
- ക്ലസ് പി.ടി.എ ശാക്തീകരണം
- വിഷയാധിഷ്ഠിത ക്വിസ്

## അക്കാദമിക്ക് മാസ്റ്റർ പ്ലാൻ -ക്ലാസ് 1 & 2 മലയാളം

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം |
|---|---|---|---|---|
| ക്ലാസിലെ മുഴുവൻ കുട്ടികൾക്കും സ്വന്തം ഭാഷയിൽ എഴുതാനും വായിക്കാനും ശേഷി നേടുക.<br><br>ആശയഗ്രഹണ വായന ഉറപ്പാക്കുക.<br><br>വ്യവഹാരൂപങ്ങൾ സ്വന്തമായി തയ്യാറാക്കുക<br>- സംഭാഷണം ,കഥ, കവിത എന്നിവ | * മുന്നറിവ് പരിശോധിക്കൽ<br>* CPTA യിൽ സംയുക്ത ഡയറി പ്രവർത്തന പുസ്തകം എന്നീ ആശയങ്ങൾ ബോധ്യപ്പെടുത്തൽ.<br>* മലയാളമധുരം പരിപാടി ആരംഭം- വായന സാമഗ്രികൾ നിർമ്മിക്കൽ<br>* വായന വാരാചരണത്തിന്റെ ഭാഗമായി ക്ലാസ് ലൈബ്രറി സ്കൂൾ ലൈബ്രറി എന്നിവ പരിചയപ്പെടുത്തൽ<br><br>* ഭാഷയുമായി ബന്ധപ്പെട്ട ഐസിടി സാധ്യത ഉറപ്പാക്കുന്നു.<br>* ദിനാചരണങ്ങളുമായി ബന്ധപ്പെട്ട വായനയുടെയും എഴുത്തിന്റെയും സാധ്യത ഉറപ്പാക്കുന്നു.<br>* റീഡേഴ്സ് തിയറ്റർ പ്രവർത്തനം തുടങ്ങുന്നു.<br>* നാട്ടുവിശേഷം - കൂട്ടെഴുത്ത് ആരംഭം.<br><br>* ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ.<br>* വീട്ടു ലൈബ്രറി ഒരുക്കൽ.<br>* രചനോത്സവം പ്രവർത്തനം തുടങ്ങുന്നു.<br><br>* വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങൾ ആക്കൽ<br>* കഥയിൽ നിന്ന് സംഭാഷണം ഒരുക്കൽ.<br>* കഥയിൽ നിന്ന് ചോദ്യങ്ങൾ ഉണ്ടാക്കൽ.<br>* കഥാരംഗങ്ങൾക്ക് രംഗവിഷ്കാരം നൽകൽ<br><br>* വിവിധ തരത്തിലുള്ള പതിപ്പുകൾ തയ്യാറാക്കാനുള്ള മുൻഗണന കൊടുക്കുന്നു. | ക്ലാസ് ടീച്ചർ | ജൂൺ-<br><br>ജൂലായ്<br><br>ആഗസ്റ്റ് | |

| | | | | |
|---|---|---|---|---|
| ആശയം ,ഈണം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർക്കുക | * ക്ലാസ് പത്രം പ്രവർത്തനങ്ങൾ തുടങ്ങുന്നു.<br>* രചനോത്സവത്തിന്റെ ഭാഗമായി സ്വതന്ത്രമായി സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള<br><br>അവസരം കൊടുക്കുന്നു.<br><br>ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗത മാഗസിനുകൾ തയ്യാറാക്കാൻ അവസരം നൽകുന്നു.<br><br>* രചനോത്സവം<br>* കവിത പൂരണം -- പാടാനും എഴുതാനുമുള്ള അവസരങ്ങൾ നൽകുന്നു.<br>* ലഘു വിവരണങ്ങൾ തയ്യാറാക്കുന്നു.<br><br>* ഭാഷോത്സവം-- ഭാഷാ പ്രവർത്തനങ്ങൾ സർഗാത്മകവും സജീവവും ആകുന്നു.<br>* വീട്ടു വായന,കൂട്ട് വായന,നാട്ടുവായന, അമ്മ വായന,ചിത്ര വായന ഇവയെ പ്രോത്സാഹിപ്പിക്കൽ<br>പഠനോത്സവം- സർഗ്ഗ ശേഷികൾ അവതരിപ്പിക്കൽ.<br>* സംയുക്ത ഡയറിയിലെ ഓരോ കുട്ടിയുടെയും മികച്ച രചനകൾ ഡിജിറ്റൽ പോർട്ട്ഫോളിയോയിൽ സൂക്ഷിക്കുന്നു.<br>* വായനകേളി നടത്തുന്നു.* മികവുകൾ അവതരണം. | | സപ്തംബർ<br><br>ഒക്ടോബർ<br><br>നവംമ്പർ<br><br>ഡിസംബർ<br><br>ജനുവരി<br>ഫെബ്രുവരി<br><br>മാർച്ച് | |

# അക്കാദമിക്ക് മാസ്റ്റർ പ്ലാൻ ക്ലാസ് 1&2 - ഗണിതം , ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിത ചിന്താശേഷി വർദ്ധിപ്പിക്കൽ | ഒരു ദിവസം ഒരു ചോദ്യം - കുസൃതിക്കണക്കുകൾ, ഗണിത പസിൽ പരിചയപ്പെടൽ | ആഴ്ചയിൽ ഒന്ന് | ക്ലാസ് ടീച്ചർ | |
| | ഗണിത ക്യാമ്പ് | ഓരോമാസവം | | |
| | | നവംബർ | എസ്.ആർ.ജി | |
| ജ്യാമതീയ രൂപങ്ങൾ തിരിച്ചറിയൽ | ഒറിഗാമി രൂപങ്ങൾ നിർമിക്കൽ ,പ്രദർശനം | ജനവരി | | |
| ഗണിതം ലളിതം - കളികളിലൂടെ | മെട്രിക്ക് മേള | | | |

ഇംഗ്ലീഷ് 1& 2

| Aim | Activity | Time | Duty | Finance |
|---|---|---|---|---|
| To study alphabets<br><br><br>To study Write and read simple words<br>To create more opportunities for English speaking in the class room<br><br>To develop vocabulary | Pre test<br>Write simple words<br>Circle the word from TB and read<br><br>class room communicationlike Good mornig , How are you?<br><br>Picture reading,word web,picture discription | June-july<br>August-September<br><br>June-March | Class Tr. | |

# അക്കാദമിക്ക് മാസ്റ്റർ പ്ലാൻ - LP അറബിക്ക്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നിത്യജീവിതത്തിൽ അറബിയിൽ ആശയവിനിമയത്തിനുള്ള ശേഷി വളർത്തിയെടുക്കുക | ◆ ഇ.ടെക്സ്റ്റ് ഉപയോഗിച്ച അതിലുള്ള സംഭാഷണങ്ങൾ കേൾപ്പിക്കുക.<br>◆ ക്ലാസിൽ അറബി സംഭാഷണം അധികരിപ്പിക്കുക.<br>◆ കാർട്ടൂൺ പ്രദർശനം<br>◆ ലാംഗ്വേജ് ഗെയിംസ്<br>◆ പ്രസംഗമത്സരം | ജൂൺ-മാർച്ച് | അറബിക് അധ്യാപകൻ | ഇല്ല |
| സ്വതന്ത്രമായ വായനയ്ക്ക് ശേഷി ശക്തിപ്പെടുത്തുക.<br>കുട്ടികളിൽ വായനാ താത്പര്യം ജനിപ്പിക്കുകയും അതിലൂടെ പൊതു വിജ്ഞാനം വർദ്ധിപ്പിക്കുകയും ചെയ്യുക | ◆ ലൈബ്രറി വായന<br>◆ ചിത്രകഥാ വായന<br>◆ വീട്ടു വായന<br>◆ ക്ലസ് വായന<br>◆ വായനാ മത്സരങ്ങൾ<br>◆ ഇ.വായന | ജൂൺ-മാർച്ച് | | |
| പ്രൊജക്ട് - ഒരു വാക്ക് വിവിധ ഭാഷകളിൽ | അറബിക് ക്ലബ് നോട്ടിസ് ബോർഡിൽ ഒരു വസ്തുവിന്റെ പേര് അറബിക്,ഇംഗ്ലീഷ്,മലയാളം എന്നീ ഭാഷകളിൽ പ്രദർശിപ്പിക്കുന്നു.<br>◆ ഇ.ടെക്സ്റ്റ് ഉപയോഗിച്ച് അതിലുള്ള സംഭാഷണങ്ങൾ കേൾപ്പിക്കുക<br>◆ ക്ലാസിൽ അറബി | ജൂലായ്-മാർച്ച് | | |

| | | | | |
|---|---|---|---|---|
| ലളിതമായ രീതിയിൽ അറബിയിൽ ആശയ വിനിമയം നടത്താനുള്ള കഴിവ് ഉണ്ടാക്കുക<br><br>ഒരു ദിനം ഒരു അറിവ് പദ്ധതി<br><br>അറബി ഭാഷ സംസാരിക്കുന്നതിന് ആത്മ വിശ്വാസം വളർത്തുക | സംഭാഷണങ്ങൾ അധികരിപ്പിക്കുക.<br>◆ കാർട്ടൂൺ പ്രദർശനം.<br>◆ ലാംഗ്വേജ് ഗെയിംസ്<br>◆ ദിവസവും പുതിയ പദങ്ങൾ പരിചയപ്പെടുത്തുക<br>◆ സ്കിറ്റുകളുടെ അവതരണം<br>◆ ലൈബ്രറി വായനസ്റ്റ്ചിത്ര കഥാവായന<br>◆ വീട്ടു വായന<br>◆ വാട്സ് ആപ്പ് ഗ്രൂപ്പുകളിലൂടെ സ്കൂൾ പ്രവൃത്തി ദിവസങ്ങളിൽ ഒരു ചോദ്യവും ഉത്തരവും.<br><br>◆ ഇ.ടെക്സ്റ്റ് ഉപയോഗിച്ച്അതിലുള്ള സംഭാഷണങ്ങൾ കേൾപ്പിക്കുക<br>◆ ക്ലാസിൽ അറബി സംഭാഷണങ്ങൾ അധികരിപ്പിക്കുക.<br>◆ കാർട്ടൂൺ പ്രദർശനം.ലാംഗ്വേജ് ഗെയിംസ്<br>◆ ദിവസവും പുതിയ പദങ്ങൾ പരിചയപ്പെടുത്തുക<br>◆ സ്കിറ്റുകളുടെ അവതരണം<br>◆ ലൈബ്രറി വായന<br>◆ ചിത്ര കഥാവായന<br>◆ വീട്ടു വായന<br>◆ വായനമത്സരങ്ങൾ<br>വിശേഷ ദിവസങ്ങളില്വായനാ മത്സരങ്ങൾ നടത്തുക.<br>ഇ.വായന | ജൂൺ-മാർച്ച്<br><br>ജൂൺ-മാർച്ച്<br><br>ജൂൺ-മാർച്ച് | അറബിക് അധ്യാപകൻ | |

| | | | | |
|---|---|---|---|---|
| സ്വതന്ത്രമായി വായിക്കാനുള്ള കഴിവ് നേടിയെടുക്കുക,ചെറുവാക്യങ്ങൾ എഴുതാനുള്ള<br>കഴിവുകൾ വളർത്തിയെടുക്കുക.<br><br>അറബി ഭാഷയുമായി പരിചയം ഉണ്ടാക്കുകയും ഭാഷയോട് ഇഷ്ടം ജനിപ്പിക്കുകയുംസംസാരിപ്പിക്കാനുള്ള താത്പര്യം ഉണ്ടാക്കുകയും ചെയ്യുക.<br><br>അക്ഷരരൂപ വ്യത്യാസം മനസ്സിലാക്കുക<br><br>തെറ്റ് കൂടാതെ അക്ഷരങ്ങൾ വായിക്കാനുള്ളകഴിവ് ,<br>എല്ലാ അക്ഷരങ്ങളും ചിഹ്നങ്ങളോടു കൂടി എഴുതാനുള്ള കഴിവ് വളർത്തുക,പദങ്ങൾ എഴുതാനുള്ള കഴിവ് ഉണ്ടാക്കുക. | ◆ ഇ.ടെക്സ്റ്റ് ഉപയോഗിച്ച്അതിലുള്ള സംഭാഷണങ്ങൾ കേൾപ്പിക്കുക<br>◆ ക്ലാസിൽ അറബി സംഭാഷണങ്ങൾ അധികരിപ്പിക്കുക.<br>◆ .ലാംഗ്വേജ് ഗെയിംസ്<br>◆ ദിവസവും പുതിയ പദങ്ങൾ പരിചയപ്പെടുത്തുക<br>◆ ദൃശ്യ കഥകൾ<br>◆ അക്ഷരവായന<br><br>◆ ചിത്ര കഥാവായന<br>◆ വീട്ടു വായന<br>◆ വായനമത്സരങ്ങൾ<br><br>◆ ഇ.വായന<br>◆ ചിഹ്നങ്ങൾ ഉപയോഗിച്ച് പദങ്ങൾ കൂട്ടി<br>എഴുതാൻ പരിശീലിപ്പിക്കുക.<br>◆ അക്ഷര കാർഡ് നിർമാണം | ജൂൺ-<br>മാർച്ച്<br><br>ജൂൺ-<br>മാർച്ച് | അറബിക് അധ്യാപകൻ | |

| | | | | |
|---|---|---|---|---|
| | | | | |

**അക്കാദമിക്ക് മാസ്റ്റർ പ്ലാൻ  ക്ലാസ് 3 ഇംഗ്ലീഷ് , ഗണിതം**

| **AIMS** | **ACTIVITES** | **DURATION** | **CHARGE** | **ECONOMIC SOURCES** |
|---|---|---|---|---|
| To study alphabets | •PRE-TEST<br>•Write simple words | June - July | Teacher , Students | P T A |
| To study, write and read simple words<br><br>Create more opportunities for<br>English speaking in the class<br>room | Circle the word from TB and read<br><br>Class room communication should be in English, like May I drinks some water ? May I Go to bathroom ?<br>• Hello.<br>• Hello, everyone.<br>• Good morning.<br>• Good morning everyone<br>• Good morning class.<br>• Good Afternoon everyone.<br>• How are you?<br>• How are you all?<br>• How are you today?<br>• Let me take attendance etc | August – September<br><br><br>Academic year | Teacher, Students<br><br><br>Teacher, Students, Parents | Nil |

| ലക്ഷ്യം | പ്രവർത്തനം | | ചുമതല | സാമ്പത്തികം കാലം |
|---|---|---|---|---|
| ചതുരം ,വൃത്തം<br>ത്രികോണംഎന്നീ<br>രൂപങ്ങളെക്കുറിച്ചുള്ളധാരണ<br>നൽകുന്നു<br><br>999 വരെയുള്ള സംഖ്യകളെ<br>വ്യത്യസ്ത രീതിയിൽ<br>വ്യാഖ്യാനിക്കുന്നു<br><br>എല്ലാ കുട്ടികളിലും<br>സംഖ്യാബോധം ഉണ്ടാക്കുക<br>സങ്കലന- വ്യവകലന<br>ക്രിയകൾ<br>ക്ക് കുട്ടികളെ പ്രാപ്തരാക്കുക<br><br>ഗുണന വസ്തുതകൾ നേടൽ<br><br>ഗുണന വസ്തുതകൾ നേടൽ | പ്രീ ടെസ്റ്റ്<br>ഈർക്കിലുകൾ, കമ്പുകൾ, വള എന്നിവ<br>ഉപയോഗിച്ച്<br>ചതുരം,ത്രികോണം ,വൃത്തം<br>എന്നിവ<br>നിർമിക്കുന്നു.<br>സംഖ്യാപാറ്റേണുകൾ<br>• നാണയങ്ങൾ, കളിനോട്ടുകൾ<br><br>•പാറ്റേണുകൾ (ഗണിത ക്ലബ്ബ് )<br>വസ്തുക്കൾ ഉപയോഗിച്ച് സംഖ്യകൾ<br>ഉറപ്പിക്കൽ<br>•മനഃ കണക്കുകൾ<br>•നിത്യജീവിതവുമായി<br>ബന്ധപ്പെട്ട പ്രവർത്തനങ്ങള്<br>•മനഃ കണക്കുകൾ<br>•മഞ്ചാടിക്കളി•<br>നിത്യജീവിതവുമായി<br>ബന്ധപ്പെട്ട പ്രവർത്തനങ്ങള് | ജൂൺ,<br><br>ജൂൺ,<br>ജൂലൈ<br><br>ആഗസ്റ്റ്<br><br>ആഗസ്റ്റ്<br><br>സെപ്റ്റംബർ<br><br>ഒക്ടോബർ -<br>നവംബർ<br>ഡിസംബർ -<br>ജനുവരി<br><br>ഫെബ്രുവരി -<br>മാർച്ച് | അധ്യാപകൻ<br><br>അധ്യാപകൻ ,ക്ലാസ്<br>പിടിഎ<br><br>അധ്യാപകൻ<br><br>അധ്യാപകൻ,കുട്ടികൾ | ഇല്ല |

## അക്കാദമിക്ക് മാസ്റ്റർ പ്ലാൻ ക്ലാസ് 3 പരിസര പഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നമ്മുടെ ചുറ്റുപാടിനെ കുറിച്ച് കുട്ടികളിൽ നല്ല ബോധം ഉണ്ടാക്കുക, ജൈവ വൈവിധ്യ ഉദ്യാന സംരക്ഷണം | സസ്യങ്ങളെ തരംതിരിക്കൽ<br>പ്രകൃതി നടത്തം - (പാടം, വിദ്യാലയത്തിലെ ജൈവ വൈവിധ്യ ഉദ്യാനം ) | ജൂൺ, ജൂലൈ | അധ്യാപകൻ | ഇല്ല |
| പ്രകൃതി സംരക്ഷണം | •മണ്ണ് ,ജലം , വായു എന്നിവ സംരക്ഷിക്കുന്നതിനാവശ്യമായ പോസ്റ്ററുകൾ സ്ഥാപിക്കുക<br>•മഴക്കുഴി നിർമാണം<br>•വിദ്യാലയത്തിലെ പ്ലാസ്റ്റിക് ശേഖരിച്ച് ഹരിതകർമസേനക്ക് കൈമാറൽ | ആഗസ്റ്റ് - ഡിസംബർ | •അധ്യാപകൻ<br>•പി ടി എ<br>•ഹരിതകർമസേന - പി ടി എ | • പി ടി എ |
| വ്യക്തി ശുചിത്വം | •കൈ കഴുകൽ - പരിശീലനം<br>•പോസ്റ്റർ നിർമാണം ശുചിത്വ സന്ദേശങ്ങൾ വിദ്യാലയത്തിലെ വിവിധ ഇടങ്ങളിൽ പതിക്കൽ | ഡിസംബർ -മാർച്ച് | അധ്യാപകൻ<br>ജെ ആർ സി യൂണിറ്റ് | പി ടി എ<br>ഇല്ല |

# Academic Master Plan - Std 4 English 2025-26

To encourage active listening and speaking skills.To develop an English atmosphere that the children are engaging. To expand vocabulary for improved communication and comprehension. Ensure fluency in reading and writing. To equip students with effective written communication skills. To establish a understanding of language elements. To develop a love for reading and literature. To develop children's own stories and drafting books.

| Aim | Activities | Duration | Duty | Finance |
|---|---|---|---|---|
| 1.Make English easy. Create a English atmosphere in the classroom. Children speak simple. Uses simple question to make easy way to speak English. | Given some pictures cards, short videos to help reading and speaking.<br>Make a day in week for English day to help improving English language.<br>Given some songs and action songs, games | June to March | English Teacher | |
| 2. English assembly | Speaking-Prayer, pledge, news, riddles, diary, quotes of eminent leaders, reader's theatre etc are included in the assembly. | | English Teacher | |
| 3.Writing Diary / description | Given the some pictures and write the simple sentence. To become make some description and writing Diary.<br>bubble<br>Give chances for filling speech<br><br>Isaac and and Dilna.<br>Gives more chances in the next coming units also<br><br>Provide students with a set of story-related | June to March | English Teacher | |

| | | | | |
|---|---|---|---|---|
| 4. Speech bubbles<br><br>5. Hero of the day | pictures. They should sequence the events and develop a meaningful story based on them<br><br>Given some notice, description, riddles, story cards ( group activity) | june-March | English Teacher | |
| | Given the Simple games. The simple words given related to the English textbook.Word ladder games. English puzzle games,word hunting games | July | | |
| 6. Writing activity<br>Word games<br>English magazine | Every three months children makes English magazine.Children write<br>own story,poem, drawing picture, essay, notice, speech bubble,etc | Every week | English Teacher | |
| 7. English Club<br>English fest | English club ( echo club)<br>Creating activity given and led by the club.<br>( English reading corners,English camp, interview, word a day, English theater)<br>Performing activity is given in the English fest program | March | English Teacher<br>SRG | |

# അക്കാദമിക്ക് മാസ്റ്റർ പ്ലാൻ UP അടിസ്ഥാന ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാചുകളിൽ നിന്നും ശസ്ത്രത്തെ തിരിച്ചറിയൽ | ആഹാരത്തിനായി ജീവികൾ പരസ്പരം ആശ്രയിക്കുന്നു.<br>വംശനാശഭീഷണി നേരിടുന്ന ജീവികളെ കണ്ടെത്തൽ.<br>കാവ്,കുളങ്ങൾ വയലുകൾ എന്നിവയിലെ ജീവികളേയും അവയുടെ ചുറ്റുപാടിനേയും അറിയാൻ പഠനയാത്ര<br><br>ജീവികളേയും അവയുടെ ചുറ്റുപാടിനേയും നിരീക്ഷിച്ച് കുറിപ്പ് തയ്യാറാക്കൽ, ലഘുപരീക്ഷണം. | ജൂൺ-മാർച്ച് | ശാസ്ത്രാധ്യാപർ<br>സയൻസ് ക്ലബ്ബ് | ഇല്ല |
| | ടെലസികോപ്പ് ഉപയോഗിച്ച് വാനനിരീക്ഷണം,IED Bulb, Elevtronic Circute നിർമാണം | ജൂൺ-മാർച്ച് | | |
| ശാസ്ത്രപ്രക്രിയാശേഷി വികസിപ്പിക്കുക.<br>ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാൻ കഴിവ് വർദ്ധിപ്പിക്കുക | നിത്യജീവിതത്തിൽ കണ്ടുവരുന്ന അസുഖങ്ങളും അവയ്ക്ക കാരണമായ ചെറുസൂക്ഷ്മ ജീവികളേയും കണ്ടെത്തി വിശകലനം ചെയ്യുന്നു.<br><br>സൂക്ഷ്മജീവികളെ മൈക്രോസ്കോപ്പിലൂടെ നിരീക്ഷിക്കുന്നു. | | | |

| | | | | |
|---|---|---|---|---|
| ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക.<br><br>ശാസ്ത്രാവബോധം വർദ്ധിപ്പിക്കുക. പ്രതിഭകളായ വിദ്യാർത്ഥികൾക്ക് ഗവേഷണ പ്രവർത്തനം. | പരിചിതമായവസ്തുക്കൽ ഉപയോഗിച്ച് ശാസ്ത്രക്ലാസുകൾ,ശാസ്ത്രക്കിറ്റുകൾ നിർമിക്കുക, ICT, Vertual reality head set എന്നിവ ഉപയോഗിച്ച് കുട്ടികൾക്ക് നേരിട്ട് കാണാൻ സാധ്യതയില്ലാത്ത മൂലകങ്ങളും അവയുടെ ഐസോടോപ്പുകളും, ആകാശകാഴ്ചകൾ ,ആദരാവയവ പ്രവർത്തനങ്ങൾ മറ്റും ത്രിമാന രൂപത്തിൽ കാണിക്കുന്നു<br><br>ഇലകിട്രോണിക് ,റോബോട്ടിങ്ങ് സാധ്യത ഉപയോഗിച്ച് ഉപകരണ നിർമാണം<br><br>ശാസ്ത്ര പരീക്ഷണ കുറിപ്പുകൾ ഉപയോഗിച്ച് പതിപ്പ് നിർമിക്കുക.<br><br>സ്കൂൾ തല ശാസ്ത്രോത്സവം<br>ശാസ്ത്ര വിസ്മയ ചുമർ,<br>ശാസ്ത്ര ശിൽപശാലകൾ - സംഘടിപ്പിക്കുക<br><br>സ്കൂളിൽ Idea Box സ്ഥാപിക്കുന്നു. | ജൂൺ-മാർച്ച് | ശാസ്ത്രാധ്യാപർ സയൻസ് ക്ലബ്ബ് | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ - UP സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ജനാധിപത്യത്തിന്റെ മേന്മകൾ മൂല്യങ്ങൾ മനസ്സിലാക്കുക | കുട്ടികളുടെ പാർലമെൻറ് രൂപീകരണ പ്രകടനപത്രികൾ തയ്യാറാക്കുക, നാമ നിർദ്ദേശ പത്രിക, സമർപ്പണം, സൂക്ഷ്മ പരിശോധന, പത്രിക പിൻവലിക്കൽ, പ്രചരണ പരിപാടികൾ, ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രം ഉപയോഗിച്ച് വോട്ടെടുപ്പ്, വോട്ടെണ്ണൽ, പാർലമെൻറ് രൂപീകരണം, പാർലമെൻറ് യോഗം | ജൂൺ-മാർച്ച് | സാമൂഹ്യശാസ്ത്രം അധ്യാപർ | ഇല്ല |
| കുട്ടികൾ നേരിട്ട് കണ്ട അനുഭവത്തിലൂടെ പഠന വസ്തുതകൾ മനസ്സിലാക്കുന്നതിന് | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പഠനയാത്ര. ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ, നിർമിതികൾ, സ്മാരകങ്ങൾ, ഉത്പാദനകേന്ദ്രങ്ങൾ, കാർഷിക മേഖലയുമായി ബന്ധമുള്ള സ്ഥലങ്ങൾ എന്നിവിടങ്ങളിലേക്ക് പഠനയാത്ര നടത്തുന്നു<br><br>വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്. ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യരീതിയുടെ അടിസ്ഥാനതലം മനസ്സിലാക്കുന്നു. | | | |
| ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക | ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുക. വിദ്യാലയത്തിൽ എല്ലാ കുട്ടികൾക്കും വായിക്കാനും എഴുതാനും കഴിയുന്ന തരത്തിൽ ഒരു സ്ഥലത്ത് ബുള്ളറ്റിൻ ബോർഡ് | | | |

| | | | | |
|---|---|---|---|---|
| സാമൂഹ്യശാസ്ത്രവുമായി ബന്ധമുള്ള, ചരിത്രവുമായി ബന്ധമുള്ള അറിവുകൾ കുട്ടി കളിലേക്ക് എത്തിക്കുന്നു.<br><br>പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കിരക്ഷാ പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ കുട്ടികളെ ബോധവാന്മാരാക്കുന്നു.<br><br>സുസ്ഥിരവികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു.<br><br>പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | സ്ഥാപിക്കുക.<br><br>ഭൂകമ്പം, സുനാമി, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതിദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസ്സിലാക്കുകയും വേണ്ടപ്പെട്ട ഡെമോൺസ്ട്രേഷൻ ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനത്തിന് മുൻകൈ എടുക്കുവാൻ ബോധവാന്മാരാക്കുകയും ചെയ്യുന്നു.<br><br>(ഫീൽഡ് ട്രിപ്പ് സർവേ) പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യൻറെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽ കാടുകൾ, തണ്ണീർത്തടങ്ങൾ, ജലാശയങ്ങൾ, കാടുകൾ, കുന്നുകൾ എന്നിവ സന്ദർശിച്ചു സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു<br><br>(ഐസിടി സാധ്യതകൾ) ഐസിടി ഉപയോഗപ്പെടുത്തി ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ചു കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | | | |

## അക്കാദമിക്ക് മാസ്റ്റർ പ്ലാൻ - UP ഹിന്ദി

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതലം | സാമ്പത്തികം |
|---|---|---|---|---|
| ഹിന്ദി പഠനം ലളിതവും ആസ്വാദനകരവുമാക്കൽ | ഹിന്ദി പഠനം എളുപ്പവും ആസ്വാദനകരവുമാക്കുന്നതിന് ഇ ക്യൂബ് ഹിന്ദി സോഫ്റ്റ് വെയർ പരിചയപ്പെടുത്തുന്നു. പുതിയ പ്ലാറ്റ് ഫോമിൽ ഇന്ററാക്ടീവ് ഡിജിറ്റൽ പഠനരീതികൾ, ശബ്ദ-ദൃശ്യ പ്രായോഗികങ്ങൾ, സ്വയംപരിശീലന സംവിധാനം എന്നിവ ഉപയോഗിച്ച് കുട്ടികൾക്ക് ഹിന്ദി ആവേശത്തോടെയും ഉത്സാഹത്തോടെയും പാഠഭാഗങ്ങൾ കേൾക്കാനും, സംസാരിക്കാനും, എഴുതാനും, ഓഡിയോ വീഡിയോ റെക്കോർ ഡ് ചെയ്യുവാനും കഴിയുന്നു | ജൂലൈ to ഫെബ്രുവരി | ഹിന്ദി അധ്യാപകൻ | |
| യു പി വിഭാഗത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ | അക്ഷരം എഴുത്ത്<br>ചിഹ്നം ഉറപ്പിക്കൽ,<br>അക്ഷരകാർഡ്,വാക്കുകൾ എഴുതിയ കാർഡ്.അക്ഷരമാല കളികൾ.<br>വാക്കുകൾ എഴുതിയ കാർഡുകൾ.<br>വാക്കുകൾ നിർമ്മാണം<br>വാക്യങ്ങളുടെ നിർമ്മാണം | ജൂൺ to സെപ്റ്റംബർ | | |
| ഹിന്ദി വായന പ്രോത്സാഹിപ്പിക്കൽ | ഹിന്ദി വായനാമൂല ഒരുക്കൽ<br>കുട്ടികളുടെ അധിക വായന ലക്ഷ്യമാക്കികൊണ്ട് സ്കൂൾ വായനശാലയിലെ ഹിന്ദി പുസ്തകങ്ങൾ(വലിയ അക്ഷരങ്ങളോട് കൂടിയതും വർണ്ണചിത്രങ്ങൾ നിറഞ്ഞതുമായ ലളിതമായ കഥാ ബുക്കുകൾ, ചിത്രകഥകൾ, ബാലമാസികകൾ,) പ്രയോജനപ്പെടുത്തുക. | ഓഗസ്റ്റ് to ഫെബ്രുവരി | | |

## *ACADEMIC MASTER PLAN : UP ENGLISH 2025-26*

| AIMS | ACTIVITIES | DURATIOM | DUTY | FINANCE |
|---|---|---|---|---|
| TO IMPROVE LISTENING SKILL | * Listening to Poems (ICT)<br><br>* English News Channels and Radio<br><br>* Skit and Conversation<br><br>* Watching English Movies, Documentry, Interviews<br><br>* Listening to Phonetic Sounds | June to August<br><br>Daily | Class teacher<br><br>English teacher | Nill |
| To improve speaking skill | * English Day<br><br>* English Assembly<br><br>* Game instructions<br><br>* Skit and Conversation<br><br>* Day Celebration<br><br>* Speech on different topics | August to October<br><br>Weekly<br><br>Daily<br><br>Weekly<br><br>Weekly<br><br>Monthly | Class teacher<br><br>English teacher | |

| | | | | |
|---|---|---|---|---|
| | * Conducting Quiz Competitions<br><br>* Conducting short Seminars group discussions etc. | Monthly<br><br>Monthly | | |
| To improve reading skill | * Library<br><br>* Reading corner in the class.<br><br>* Newspaper Reading<br><br>* Picture Reading<br><br>* Journals of great personalities<br><br>* Reading signboards and posters (ICT)<br><br>* Using Reading Materials effectively | Daily | Class teacher<br><br>English teacher | |
| To improve writing-skill | * English workshops<br><br>* Wall magazines<br><br>* Writing letters on Postal cards<br><br>* Self Dictionary, Poster Making | December to March<br><br>Weekly<br><br>Monthly<br><br>Termly | Class teacher<br><br>English teacherTo improve writing-skill | |

| | | | | |
|---|---|---|---|---|
| | * English Magazine<br><br>* Designing Invitation card and greeting cards (ICT)<br><br>* Writing stories and speech on different topics<br><br>* Caption writing competition<br><br>* Hand writing competition<br><br>* Dairy writing<br><br>* Newspaper Reports<br><br>* Editing different discourses | Weekly<br><br>Monthly<br><br>Monthly<br><br>Weekly<br><br>Weekly<br><br>Monthly<br><br>Daily<br><br>Weekly<br><br>Weekly | | |
| To improve writing-skill | * Wall magazines and News paper preparation.<br><br>* Story writing<br><br>* Diary writings<br><br>* Poster making<br><br>* Script writing<br><br>* Report on debate and seminars | December to March<br><br>Weekly<br><br>Monthly<br><br>Termly<br><br>Weekly<br><br>Monthly | Class teacher<br><br>English teacher<br><br>Resource<br><br>Person<br><br>Computer Experts | |

| | | | | |
|---|---|---|---|---|
| | * Break longer expressions into smaller ones.<br><br>* Dictionary making<br><br>* Composing Choreography<br><br>* Designing greeting and invitation cards (ICT,Caption writing competition)<br><br>* Hand writing competition, Making Riddles and Puzzles, Making flash news and Newspaper Reports.<br><br>* Editing different discourses | Monthly<br><br>Daily<br><br>Weekly<br><br>Weekly | | |

# അക്കാദമിക്ക് മാസ്റ്റർ പ്ലാൻ-യു.പി. മലയാളം 2025-26

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| ഭാഷാപരമായ<br>പിന്നാക്കാവസ്ഥ<br>പരിഹരിക്കൽ<br>ആശയ സംവേദനം.<br><br>വായനയിൽ മികവ്<br>സർഗശേഷിവികാസം.<br><br>സ്കൂൾ എഫ്.എം<br>റേഡിയോ | പ്രീ ടെസ്റ്റ്<br>അക്ഷരം ഉറപ്പിക്കൽ<br>അടയാളം ഉറപ്പിക്കൽ<br>ഭാഷാകേളി<br>വാക്കുകൾ നിർമിക്കൽ<br>കഥ,കവിത,വിവരണം -<br>എഴുത്ത്<br>സ്കൂൾ ലൈബ്രറി അംഗത്വം<br>പുസ്തകം നൽകൽ<br>പുസ്തക പരിചയം<br>റീഡിംഗ് തിയേറ്റർ<br>വായനാനുഭവം<br>വായനപ്പതിപ്പ്<br>ദിനാചരണം<br>മികച്ച വായന അംഗീകാരം<br>രചനാ ക്ലാസ്<br>ചുമർ പത്രിക<br>പതിപ്പുകൾ<br>ക്ലാസ് മാഗസിൻ<br>സാഹിത്യസംഗമം<br>പ്രധാന വാർത്തകളുടെ<br>അവതരണം<br>ദിനാചരണവുമായി<br>ബന്ധപ്പെട്ടപരിപാടികൾ | ജൂൺ<br><br>ജൂലായ്-<br>ഫെബ്രുവരി<br><br>ജൂൺ അവസാന<br>വാരം<br>മുതൽ മാർച്ച് വരെ | ചിത്രങ്ങൾ<br>പുസ്തകങ്ങൾ<br><br>ക്ലാസ് ലൈബ്രറി<br>സ്കൂൾ ലൈബ്രറി<br>ആനുകാലികങ്ങൾ<br><br>സ്കൂൾ റെക്കോർഡിംഗ്<br>സ്റ്റുഡിയോ | മലയാളം ടീച്ചർ<br><br>സ്കൂൾ ലൈബ്രേറിയൻ<br>മലയാളം ടീച്ചർ<br><br>മലയാളം ടീച്ചർ<br>വിവിധക്ലബ്ബ്<br>ആകാശവാണി<br>ചുമതലയുള്ള<br>അധ്യാപകൻ |

<u>**അക്കാദമിക്ക് മാസ്റ്റർ പ്ലാൻ - യു.പി. ഗണിതം 2025-26**</u>

<u>ലക്ഷ്യം</u>

- ഗണിത പഠനം ലളിതവും രസകരവുമാണെന്ന് തിരിച്ചറിഞ്ഞ് അത് ആസ്വദിക്കാൻ കഴിയുന്ന രീതിയിലേക്ക് കുട്ടിയെ വളർത്തുക.
- അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
- ഓരോ കുട്ടിയുടേയും ഗണിതശേഷി അതിൻ്റെ പരമാവധിയിലെത്തിക്കുക.
- ഗണിതത്തെ ജീവിതവുമായി പരമാവധി ബന്ധപ്പെടുത്തുക.
- ഓരോ ഘട്ടത്തിലും നേടേണ്ട ഗണിതശേഷികൾ നേടി എന്ന് ഉറപ്പുവരുത്തുക.
- ഗണിത പഠനത്തിന് ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുക..
- കൃത്യതയോടെയും സൂക്ഷ്മതയോടെയും കൂടി കാര്യങ്ങൾ ചെയ്യുന്നതിന് പര്യാപ്തമാക്കുന്നു.
- ഗണിതലാബ് സൗകര്യങ്ങൾ പരമാവധി ഉപയോഗപ്പെടുത്തുക.
- വിശ്രമവേളകൾ ആനന്ദകരമായി ഉപയോഗിക്കുന്നതിന് ഗണിതാശയങ്ങൾ ഉപയോഗിക്കുക.

| ലക്ഷ്യം | പ്രവർത്തനം | കാലം | ഭൗതികം | പിന്തുണ |
|---|---|---|---|---|
| ഗണിതത്തിൽ താൽപര്യം ജനിപ്പിക്കുന്നതിന്.<br><br>സ്കൂളിൽ നിന്ന് സമൂഹത്തിലേക്ക് | <u>**ജാമിതീയ പാറ്റേൺ നിർമ്മാണം**</u><br>ജാമിതീയ പാറ്റേൺ വരയ്ക്കാൻ താല്പര്യമുള്ള മുഴുവൻ കുട്ടികൾക്കും പ്രത്യേക പരിശീലനം നൽകുന്നു.<br>ജ്യാമിതീയ പാറ്റേണുകൾ വരച്ചു തയ്യാറാക്കുന്നു.<br>മികച്ച ചിത്രങ്ങൾ സ്ട്രോബോർഡ് ഉപയോഗിച്ച് ഫ്രെയിം ചെയ്യുന്നു. | ജൂൺ മുതൽ സപ്റ്റംബർ വരെ | ചാർട്ട് പേപ്പർ<br>ബ്രഷ് പെൻ<br>സ്കെച്ച് പെൻ<br>മാർക്കർ<br>കോമ്പസ്<br>സ്ട്രോ ബോർഡ്<br>……….. | പി.ടി.എ<br>ഗണിത ക്ലബ്ബ് |

| | | | | |
|---|---|---|---|---|
| ഗണിതത്തിൽ താത്പര്യം ജനിപ്പിക്കുന്നതിന്.<br><br>കര ചലനശേഷിയിലൂടെ ഗണിത പഠനം. | **ഒറിഗാമി**<br>ഒറിഗാമിയിലൂടെ ഗണിത ശേഷികൾ കൈവരിക്കുന്നതിനുള്ള പ്രത്യേക പരിശീലനം നൽകുന്നു.<br>കടലാസ് കൊണ്ട് വിവിധ രൂപങ്ങൾ, ബാഡ്ജുകൾ നിർമ്മിച്ച് അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തുന്നു. | ഒക്ടോബർ | കളർ എ 4 പേപ്പർ<br>പേപ്പർ<br>കത്രിക | |
| ഗണിതത്തിൽ താത്പര്യം ജനിപ്പിക്കുന്നതിന്.<br><br>നിത്യജീവിതത്തിലെ ഗണിത സന്ദർഭങ്ങൾ തിരിച്ചറിഞ്ഞ് രേഖപ്പെടുത്തുന്നതിന്<br><br>ഗണിത ചരിത്രത്തെ അറിയുന്നതിന് | **ഗണിത ഇൻലന്റ് മാഗസിൻ**<br><br>ഗണിത ക്ലബ്ബിലെ അംഗങ്ങളെ ഉൾപ്പെടുത്തി മാഗസിൻ കമ്മിറ്റി ഉണ്ടാക്കുന്നു.<br><br>ക്ലാസ് മുറിയിലെ മികവുറ്റ പ്രവർത്തനങ്ങൾ, ഗണിത ചരിത്രം, ഗണിതകാരൻമാരുടെ ജീവചരിത്രങ്ങൾ, പസിൽസ്, നമ്പർ പാറ്റേൺ, ജോമട്രിക്കൽ പാറ്റേൺ എന്നിവ ഗണിത ക്ലബ്ബിൽ അവതരിപ്പിച്ച ശേഷം ഗണിത ഇൻലന്റ് മാഗസിനിലേക്ക്.<br><br>മാഗസിനിലെ പസിൽസ് സ്കൂളിലെ പസിൽ കോർണറിലും നൽകുന്നു. വിജയിയെ കണ്ടെത്തി സമ്മാനം നൽകുന്നു. | മാസത്തിൽ ഒന്ന് | ഡിടിപി, പ്രിന്റിംഗ് | പി.ടി.എ.<br>ഗണിത ക്ലബ്ബ്<br>മാഗസിൻ കമ്മറ്റി<br><br>ഗണിത ക്ലബ്ബ്<br>മാഗസിൻ കമ്മറ്റി |

| | | | | |
|---|---|---|---|---|
| ചതുഷ്ക്രിയകളിൽ മുഴവൻ കട്ടികളും മികവി പുലർത്തുക. | **<u>ഗണിത കയ്യെഴുത്തു മാഗസിൻ</u>**<br>ഇൻലന്റ് മാഗസിനിലെ സൃഷ്ടികൾ ഉൾപ്പെടുത്തി ഗണിത മാഗസിൻ തയ്യാറാക്കുന്നു.<br><br>**<u>മൂർത്ത വസ്തുക്കളിലൂടെ ഗണിത പഠനം.</u>**<br><br>സങ്കലനം, വ്യവകലനം മഞ്ചാടി കല്ല് എന്നിവ നിശ്ചിത എണ്ണം നൽകി (ഓരോ ക്ലാസിനും അനുസരിച്ച്) അവ ചേർത്ത് തുക പറയുന്നു.<br><br>ഗ്രൂപ്പായി മഞ്ചാടി പെറുക്കൽ മത്സരം നടത്തുന്നു.<br><br>വ്യവകലനത്തിന് നിശ്ചിത എണ്ണം മഞ്ചാടി നൽകി, പെറുക്കിയ ശേഷം ബാക്കി കണക്കാക്കുന്നു സംഖ്യാ പോക്കറ്റിൽ നൽകിയിരിക്കുന്ന സംഖ്യകൾ കണ്ടെത്തി തുക /വ്യത്യാസം കാണുന്ന സംഖ്യകളെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കാനുള്ള പ്രവർത്തനങ്ങൾ നൽകുന്നു.<br>ഗുണനം മൂർത്തമായ വസ്തുക്കൾ കൂട്ടങ്ങൾ ആക്കി (5, 3, 2,... കെട്ടുകൾ) ഗുണനക്രിയകൾ പരിശീലിക്കുന്നു. ആവർത്തന സങ്കലനമാണ് ഗുണനം എന്ന് തിരിച്ചറിയുന്നു. | ഒക്ടോബർ<br><br>ജൂൺ മുതൽ മാർച്ച് വരെ | എ 4 പേപ്പർ<br><br>മഞ്ചാടി, കല്ല്, ഈർക്കിൽ, സംഖ്യാപോക്കറ്റ് | ഗണിത അധ്യാപകർ |

| | | | | |
|---|---|---|---|---|
| പാനോപകരണങ്ങൾ, വർക് ഷീറ്റ് എന്നിവയുടെ ഗണിതാശയങ്ങൾ ദൃഢപ്പെടുത്തി ഐ.സി.ടി. യുടെ സഹായത്തോടെ ഉറപ്പിക്കുന്നു | ഹരണം : വസ്തുക്കൾ വീതം വെക്കുന്നു. ഹരണം പരിശീലിക്കുന്നു.<br><br>ഗണിത ക്രിയാ രൂപത്തിൽ രേഖപ്പെടുത്തുന്നു. ആവർത്തന വ്യവകലമാണ് ഹരണം എന്ന് തിരിച്ചറിയുന്നു<br>**പഠനോപകരണങ്ങൾ, വർക് ഷീറ്റ്, ഐസിടി**<br>എസ്.ആർ.ജി.യിൽ, പഠന നേട്ടങ്ങൾക്ക് അനുയോജ്യമായ പഠനോപകരണങ്ങളും വർക് ഷീറ്റുകളും കണ്ടെത്തുന്നു.<br>അധ്യാപകരും രക്ഷിതാക്കളും കുട്ടികളും ചേർന്ന് ഇവ നിർമ്മിക്കുന്നു. ഗണിതലാബിൽ സൂക്ഷിക്കുന്നു. ആവശ്യാനുസരണം ക്ലാസ് മുറികളിൽ ഉപയോഗിക്കുന്നു.<br><br>ഐസിടിയുടെ സഹായത്തോടെ ഗണിതാശയങ്ങൾ ഉറപ്പിക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ | ചാർട്ട് പേപ്പർ,<br>എ 4 പേപ്പർ,<br>ഫോംബോർഡ്,<br>സെലോ ടേപ്പ്,<br>പശ | ഗണിത അധ്യാപകർ |
| മനക്കണക്കിലൂടെ വേഗതയും ഏകാഗ്രതയും കൂട്ടി കുട്ടിക ളിൽ ആത്മവിശ്വാസം വർധിപ്പിക്കുന്നു | ഗണിതകേളികൾ പഠന നേട്ടങ്ങൾക്കനുസരിച്ച് മനക്കണക്ക് ഉപയോഗിച്ച് ചെയ്യാവുന്ന ഗണിത കേളികൾ നൽകുന്നു. | ജൂൺ മുതൽ<br><br>മാർച്ച് വരെ | ഈർക്കിൽ ,<br>കാർഡ്, ഡൈസ് | ഗണിത ക്ലബ്,<br>ഗണിത അധ്യാപകർ |

| | | | | |
|---|---|---|---|---|
| കാർഡുകളി.....<br><br>മനക്കണക്കിലൂടെ വേഗതയും ഏകാഗ്രതയും കുട്ടി കുട്ടിക ളിൽ ആത്മവിശ്വാസം വർധിപ്പിക്കുന്നു<br><br>ഗണിതകേളികൾ പഠന നേട്ടങ്ങൾക്കനുസരിച്ച് മനക്കണക്ക് ഉപയോഗിച്ച് ചെയ്യാവുന്ന ഗണിത കേളികൾ നൽകുന്നു. | ഓരോ ക്ലാസിനും അനുസരിച്ച് വിലകൾ മാറുന്ന രീതിയിൽ റാണിയും മക്കളും, ഡൈസ് കളി,<br><br>പ്രവർത്തനം.....ഗണിത ക്ലബ്ബിന്റെ നേതൃത്വത്തിൽ ഓരോ ക്ലാസി ലെയും യൂണിറ്റുകൾക്ക് പ്രയോജനപ്പെടുന്ന, മനക്കണക്കായി ചെയ്യാവുന്ന കേളികൾ, പ്രവർത്തനങ്ങൾ എന്നിവ കണ്ടെത്തി പതിപ്പ് നിർമ്മിച്ച് ഉപയോഗിക്കുന്നു<br><br>ഓരോ ക്ലാസിനും അനുസരിച്ച് വിലകൾ മാറുന്ന രീതിയിൽ റാണിയും മക്കളും, ഡൈസ് കളി, കാർഡുകളി...ഗണിത ക്ലബ്ബിന്റെ നേതൃത്വത്തിൽ ഓരോ ക്ലാസി ലെയും യൂണിറ്റുകൾക്ക് പ്രയോജനപ്പെടുന്ന, മനക്കണക്കായി ചെയ്യാവുന്ന കേളികൾ, പ്രവർത്തനങ്ങൾ എന്നിവ കണ്ടെത്തി പതിപ്പ് നിർമ്മിച്ച് ഉപയോഗിക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ | | ഗണിതം അധ്യാപകൻ |

# അക്കാദമിക്ക് മാസ്റ്റർ പ്ലാൻ UP സംസ്കൃതം 25-26

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഭാഷ വായിക്കാനും എഴുതാനും സംസാരിക്കാനും ഉള്ള ശേഷി വർദ്ധിപ്പിക്കൽ<br><br>അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കുക<br><br>നിത്യോപയോഗ വസ്തുക്കൾ സംസ്കൃതത്തിൽ പഠിക്കുക<br><br>സർഗാത്മക രചനകൾ വികസിപ്പിക്കാനുള്ള അവസരം നൽകുക<br><br>ഭാഷാശേഷി വികസിപ്പിക്കാൻ ആധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുക<br><br>എല്ലാ കുട്ടികളും അകാരാന്ത ആകാരാന്ത ഈ കാരന്ത പുല്ലിംഗ സ്ത്രീലിംഗ ശബ്ദങ്ങൾ പഠിച്ചിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുക ഭാഷാശേഷി വർദ്ധിപ്പിക്കൽ | പ്രീ ടെസ്റ്റ് നടത്തി മികവുകളും പരിമിതികളും കണ്ടെത്തുന്നു പരിമിതികൾ പരിഹരിക്കാനുള്ള പ്രവർത്തനങ്ങൾ നൽകുന്നു<br><br>നിത്യോപയോഗ വസ്തുക്കളുടെ പേരുകൾ ക്ലാസുകളിൽ നിരന്തരം പറയുന്നു<br>കഥ ഉപന്യാസം കവിത സമസ്യ തുടങ്ങിയ രചനകൾ നടത്തുന്നു<br><br>സംസ്കൃത പാഠഭാഗങ്ങൾ കാർട്ടൂണുകൾ എന്നിവ ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് കാണുവാനുള്ള അവസരം നൽകുന്നു<br>സിദ്ധ രൂപ ഉച്ചാരണം പഠിപ്പിക്കുന്നു<br>ലൈബ്രറിയിലെ ലഘു കഥാപുസ്തകങ്ങൾ ചിത്രസം പുടം എന്നിവ കുട്ടികൾക്ക് നൽകുന്നു<br>വിവിധ മത്സരങ്ങൾ സംഘടിപ്പിക്കുന്നു<br>കലാമേള സംബന്ധമായി പ്രഭാഷണം കഥ കവിത അക്ഷരശ്ലോകം പ്രശ്നോത്തരി മറ്റ് സ്റ്റേജ് ഇനങ്ങൾ, സ്കോളർഷിപ്പ് എന്നിവയ്ക്ക് പരിശീലനം നൽകുന്നു | ജൂൺ-മാർച്ച് | സംസ്കൃതം ടീച്ചർ | |